**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ശ്രീ.വി.കെ.ചന്ദ്രശേഖരൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി & എം)- നെ സസ്പെന്റ് ചെയ്തത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 186/2013/തസ്വഭവ. തിരുവനന്തപുരം, തീയതി: 23.01.2013**

---

പരാമർശം:- 1. ഗ്രാമവികസന കമ്മീഷണറുടെ ഉത്തരവ് നം.25106/എസ്റ്റാ.എ2/12/ സിആർഡി, തീയതി, 13.12.2012.

2. ഗ്രാമവികസന കമ്മീഷണറുടെ 18.12.2012ലെ 25016/എസ്റ്റാ.എ2/12/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (പി & എം) ആയ ശ്രീ.വി.കെ.ചന്ദ്രശേഖരന് 23.08.2012 മുതൽ 27.08.2012 വരെ എറണാകുളത്ത് വച്ച് നടത്തിയ ഓണം ട്രേഡ് ഫെയറിന്റെ നടത്തിപ്പ് ചുമതല നൽകിയിരുന്നുവെങ്കിലും ടിയാൻ ഒരു ദിവസം പോലും ജോലിക്ക് ഹാജരാവുകയോ ചുമതല നിർവഹിക്കുകയോ ചെയ്തിട്ടില്ലെന്നും, 18.08.2012 മുതൽ ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതെയിരിക്കുകയാണെന്ന ഇടുക്കി പ്രോജക്ട് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ വികസന പദ്ധതികളുടെ ഗൗരവ പൂർണ്ണമായ പ്രവർത്തനങ്ങൾ നടക്കുന്ന ഘട്ടത്തിൽ ടിയാൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതും കാരണം പരാമർശം 1 പ്രകാരം ശ്രീ.വി.കെ.ചന്ദ്രശേഖരനെ ഗ്രാമവികസന കമ്മീഷണർ സസ്പെന്റ് ചെയ്യുകയുണ്ടായി. പരാമർശം 2 പ്രകാരം പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

മുകളിൽ പറഞ്ഞ സാഹചര്യം കണക്കിലെടുത്ത് പരാമർശം 1 പ്രകാരമുള്ള ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം സാധൂകരണം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

അനിത.കെ.ആർ.
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, ഇടുക്കി
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം/തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ